ദേശാഭിമാനി
Fri, 06 June 2025

# കാർബൺ ക്രെഡിറ്റ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കാനൊരുങ്ങി എനർജി മാനേജ്മെന്റ്

സ്വന്തം ലേഖിക

**തിരുവനന്തപുരം**

ലോക പരിസ്ഥിതി ദിനത്തിൽ കാർബൺ ക്രെഡിറ്റ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുമെന്ന പ്രഖ്യാപനവുമായി എനർജി മാനേജ്മെന്റ് സെന്റർ. കാർബൺ ന്യൂട്രാലിറ്റി പദ്ധതികൾ നടപ്പാക്കുന്ന സ്ഥാപനങ്ങൾക്ക് കാർബൺ ക്രെഡിറ്റ് നേടുന്നതിനുള്ള സഹായം നൽകുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കാർബൺ ക്രെഡിറ്റ് മാർക്കറ്റിങ്ങിൽ വൈദഗ്ധ്യമുള്ള ആറ് കൺസൾട്ടൻസി സ്ഥാപനങ്ങളെ ഇതിനായി ഇഎംസി എംപാനൽ ചെയ്തിട്ടുണ്ട്.

മിസ്റ്റിഫെയിങ് കാർബൺ ക്രെഡിറ്റ് എന്ന ശിൽപ്പശാലയുടെയും 'ഉണർവ്' പരിപാടിയുടെ മൂന്നാം പതിപ്പിന്റെയും ഓൺലൈൻ ഉദ്ഘാടന ചടങ്ങിൽ വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടിയാണ് പ്രഖ്യാപിച്ചത്.

കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനും വരുമാനം നേടുന്നതിനും കാർബൺ ക്രെഡിറ്റ് സംവിധാനം സഹായിക്കുമെന്ന് ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത്കുമാർ പറഞ്ഞു. ഊർജ കാര്യക്ഷമതാ പദ്ധതികൾ നടപ്പാക്കുന്നതിൽ കേരളം മുന്നിലാണെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ കടകംപള്ളി സുരേന്ദ്രൻ എംഎൽഎ അധ്യക്ഷനായി. 'ഊർജ സംരക്ഷണം ജീവസംരക്ഷണം' എന്ന പേരിൽ ഇഎംസി തയ്യാറാക്കിയ ഇ–പുസ്തകം എംഎൽഎ പ്രകാശിപ്പിച്ചു. ഇഎംസിയും എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡും തമ്മിലുള്ള ധാരണപത്രം ചടങ്ങിൽ കൈമാറി. കാർബൺ ന്യൂട്രാലിറ്റി പദ്ധതികൾക്ക് സഹായം നൽകുന്നതിനായി നിയോഗിച്ച ആറ് കൺസൾട്ടൻസി സ്ഥാപനങ്ങളെ കുറിച്ച് ഇഎംസി ഡയറക്ടർ ഡോ. ആർ ഹരികുമാർ വിശദീകരിച്ചു.



ഇഎംസി തയ്യാറാക്കിയ 'ഊർജ സംരക്ഷണം ജീവസംരക്ഷണം' ഇ-പുസ്തകം കടകംപള്ളി സുരേന്ദ്രൻ എംഎൽഎ ഇഎംസി ഡയറക്ടർ ഡോ. ആർ ഹരികുമാറിന് നൽകി പ്രകാശിപ്പിക്കുന്നു

## കാർബൺ ക്രെഡിറ്റ്

കാർബൺ ലഘൂകരണത്തിനായി പ്രവർത്തിക്കുന്നവർക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റാണ് കാർബൺ ക്രെഡിറ്റ്. കാർബൺ ബഹിർഗമനത്തിന് ഉത്തരവാദികളാകുന്ന വ്യവസായശാലകൾ, കമ്പനികൾ എന്നിവർക്ക് വില നൽകി ഈ സർട്ടിഫിക്കറ്റ് വാങ്ങാം. പ്രകൃതിക്കായി പ്രവർത്തിക്കുന്ന വ്യക്തി/സ്ഥാപനങ്ങൾക്കുമാത്രമല്ല, കാർബൺ അനിവാര്യമായ വ്യവസായ ശാലകളുടെ നടത്തിപ്പുകാർക്കും ഇങ്ങനെ കാർബൺ ക്രെഡിറ്റ് നേടാനാകും. ഈ ക്രെഡിറ്റ് അവരുടെ വ്യവസായം തുടരുന്നതിനുള്ള അനുമതിയായി കണക്കാക്കും.

ഐക്യരാഷ്ട്ര സംഘടനയുടെ മാനദണ്ഡം അനുസരിച്ച്, അന്തരീക്ഷത്തിൽനിന്ന് നീക്കം ചെയ്യുന്നതോ വേർതിരിച്ച് ഇല്ലാതാക്കുന്നതോ ആയ ഒരു ടൺ കാർബൺ ഡൈ ഓക്സൈഡിന് തുല്യമാണ് ഒരു കാർബൺ ക്രെഡിറ്റ്. ഇങ്ങനെ ലഭിക്കുന്ന കാർബൺ ക്രഡിറ്റ് വിൽക്കാനാകും.